**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2626** | **07-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളുടെ കുടിശ്ശിക നിവാരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ നടപ്പിലാക്കുന്ന കുടിശ്ശിക നിവാരണ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ? | (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ നടപ്പിലാക്കുന്ന കുടിശ്ശിക നിവാരണ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ളതും, കോവിഡ് മഹാമാരി കാരണം ജിവിതം ദു:സ്സഹമായിരിക്കുന്നതുമായ വായ്പക്കാർക്ക് ആശ്വസമാവുക എന്ന ലക്ഷ്യത്തോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പാ കണക്ക് അവസാനിപ്പിച്ച് വരുന്നു.<br><br>മലപ്പുറം ജില്ലാ സഹകരണ ബാങ്കും, കേരള സംസ്ഥാന സഹകരണ ബാങ്കും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്ക് പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യ തൊഴിലാളികൾ എന്നിവർ എടുത്തിട്ടുള്ള ഒരു ലക്ഷം രൂപ വരെയുള്ള കാലാവധി കഴിഞ്ഞ വായ്പകളുടെ മുതൽ മാത്രം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് ടി പദ്ധതിയിലൂടെ അവസരം നൽകുന്നുണ്ട്.<br><br>കോവിഡ് മഹാമാരി കാരണം ജനജീവിതം ദു:സ്സഹമായിരുന്ന സാഹചര്യത്തിൽ 2021ആഗസ്റ്റ് മാസം 16- ന് ആരംഭിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, കടിശ്ശികക്കാരായ വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും, അവർക്ക് പരമാവധി സാവകാശം അനുവദിക്കുന്നതിനുമായി നിലവിൽ 2022 ജൂലൈ 31 വരെ ദിർഘിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ